കേരളം അതിജീവിക്കും

നം.ആർ.ആർ.1/ 30627/2019/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 21-08-2019
ഫോൺ :0471-2580526
ഇ-മെയിൽ rrsectiondpi@gmail.com

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- 2019 ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- നമ്പർ 308/2019/എം (ഇ.ഡി.എൻ) തീയതി 19/8/2019 ആയ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ കുറിപ്പ്.

. . . . .

സംസ്ഥാനത്ത് തുടർച്ചയായി രണ്ടാം വർഷവും കനത്ത മഴയെതുടർന്നുള്ള പ്രകൃതിദുരന്തങ്ങളും, ജീവനാശവും സംഭവിച്ചിരിക്കുകയാണ്. ഈ കെടുതികളിൽ നിന്ന് നാടിനെ മോചിപ്പിച്ചെടുക്കുന്നതിനുള്ള പുനരുജ്ജീവന നടപടികൾ സർക്കാർ അശ്രാന്തം നടത്തിക്കൊണ്ടിരിക്കുകയാണ്.

ആഗസ്റ്റ് 26 ന് ആരംഭിക്കുന്ന ഓണപരീക്ഷ കഴിഞ്ഞ് സെപ്റ്റംബർ 6 നാണ് വിദ്യാലയങ്ങൾ അടയ്ക്കുന്നത്. സ്കൂളുകൾ അടയ്ക്കുന്നതിന് മുമ്പായി ഓണാഘോഷ പരിപാടികളും സ്കൂളുകളിൽ നടത്താറുണ്ട്. എന്നാൽ ഈ വർഷമുണ്ടായ കെടുതികളുടെ പശ്ചാത്തലത്തിൽ ലളിതമായും അതേ സമയം പ്രകൃതിയിലേയ്ക്കുള്ള ഒരു തിരനോട്ടമായും സ്കൂളുകളിൽ ഓണാഘോഷം സംഘടിപ്പിക്കണം. സെപ്തംബർ 2-ാം തീയതിയിലെ പരീക്ഷകൾ 6-ാം തീയതിയിലേയ്ക്ക് മാറ്റിയതിനാൽ സെപ്തംബർ 2-ാം തീയതി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഓണാഘോഷം നടത്താവുന്നതാണ്. (കാസർഗോഡ് ജില്ലയിൽ ഉചിതമായ മറ്റൊരു ദിവസം നടത്താവുന്നതാണ്).

രണ്ട് വർഷമായി ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തത്തിന്റെ പശ്ചാതലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് **"ഓണവും പരിസ്ഥിതിയും"** എന്ന വിഷയത്തെ ആസ്പദമാക്കി രക്ഷിതാക്കളുടേയും, പൊതു സമൂഹത്തിന്റേയും കൂട്ടായ്മയിലൂടെയാകണം ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ ലളിതമായി സംഘടിപ്പിക്കേണ്ടത്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന പൂക്കളുപയോഗിച്ച് വേണം പൂക്കളമൊരുക്കേണ്ടത്. ഡിജിറ്റൽ സംവിധാനം സ്കൂളുകളിൽ ലഭ്യമായ സ്ഥിതിക്ക് ഡിജിറ്റൽ പൂക്കളം കൂടി ഒരുക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

അതോടൊപ്പം പ്രാധാന്യമുള്ള കാര്യമാണ് പ്രളയനഷ്ടം പരിഹരിക്കുന്നതിനാവശ്യമായ പുനരുജ്ജീവന സന്ദേശങ്ങൾ കുട്ടികളിൽ എത്തിക്കുക എന്നത്. തകർന്ന കേരളത്തെ പുന:നിർമ്മിക്കുന്നതിന് എത്ര തുകയുണ്ടെങ്കിലും മതിയാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. നാടിന്റെ പുന:നിർമ്മാണ പ്രവർത്തനങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങൾക്കും ഭാഗഭാക്കാവാനും അത് അഭിമാനത്തോടെ അവർക്ക് നോക്കിക്കാണുന്നതിനുമുള്ള അവസരം ഒരുക്കേണ്ടതുണ്ട്.

ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ധനസമാഹരണത്തിനായി 02/09/2019-ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒരു ബോക്സ് സ്ഥാപിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന എന്ന ശീർഷകത്തിൽ "നാടിന്റെ ഉയർച്ചയ്ക്ക് അഭിമാനത്തോടെ ഞങ്ങളും" എന്ന വാചകം ഈ ബോക്സിൽ പതിപ്പിക്കണം. സെപ്തംബർ 6 വരെ എല്ലാവർക്കും സ്വമനസ്സാലെ തുകകൾ സംഭാവനയായി ഈ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. സെപ്തംബർ 6-ാം തീയതി പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും ഈ ബോക്സ് തുറന്ന് ലഭിച്ച തുകകൾ കുട്ടികളുടെ സാന്നിദ്ധ്യത്തിൽ എണ്ണി തിട്ടപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ബാങ്ക് അക്കൗണ്ട് മുഖേന അടക്കേണ്ടതും, ഇപ്രകാരം അടച്ച തുകയുടെ രസീതിയുടെ പകർപ്പ് സഹിതമുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതുമാണ്. സബ്ജില്ലാതലത്തിലുള്ള സമാഹൃത റിപ്പോർട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീകൃത റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.

**<u>പ്രിൻസിപ്പൽമാർ/പ്രഥമാദ്ധ്യാപകർ ചെയ്യേണ്ടത്.</u>**

പ്രിൻസിപ്പൽമാർ/പ്രഥമാദ്ധ്യാപകർ സെപ്തംബർ 2-ാം തീയതി സംഭാവന ശേഖരണ ബോക്സുകൾ സ്ഥാപിച്ച് കുട്ടികളോട് നാടിന്റെ പുന:നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനെക്കുറിച്ച് അഭിമാനജനകമായ രീതിയിൽ സംസാരിക്കേണ്ടതും, സ്വമനസ്സാലെ സ്വരൂപിക്കുന്ന തുകകൾ സംഭാവനയായി നിക്ഷേപിക്കുന്നതിന് ആവേശം നൽകേണ്ടതുമാണ്. തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സ്വരുകൂട്ടിയ നാണയതുട്ടുകൾ ആ സ്വപ്നങ്ങളെ മാറ്റിവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി നാടിന്റെ അഭിമാനമായി വാർത്തകളിൽ നിറഞ്ഞ കുട്ടികളുടെ വിവരങ്ങൾ ചാരിതാർത്ഥ്യത്തോടെ വിദ്യാർത്ഥികളോടു പറയണം. തുടർന്ന് കുട്ടികളെകൊണ്ട് ചുവടെ പറയുന്ന പ്രതിജ്ഞ എടുപ്പിക്കേണ്ടതാണ്.

3.....

"എന്റെ ജന്മനാടിനുണ്ടായ ദുരന്തങ്ങളിലും ജീവാപായത്തിലും ഞാൻ അതീവ ദു:ഖിതനാണ്. ദുരന്തബാധിതരായ എന്റെ സഹോദരങ്ങളുടെ ദു:ഖം എന്റെയും ദു:ഖമായി ഞാൻ നെഞ്ചേറ്റുന്നു. ഒരു തരത്തിലെ ദുരന്തങ്ങളും ഒരിടത്തും ഉണ്ടാകരുതെന്ന് ഞാനാഗ്രഹിക്കുന്നു. എന്റെ നാട് ഈ ദുരന്തങ്ങളെ അതിജീവിക്കുക തന്നെ ചെയ്യും. തളർന്നു നിൽക്കാതെ നാടിന്റെ പുന:നിർമ്മാണ പ്രവർത്തനങ്ങളിൽ ഞാനും അഭിമാനത്തോടെ കൈകോർക്കുന്നു. അപ്രതീക്ഷിത സാഹചര്യങ്ങളെ അതിജീവിക്കുവാനായി കൈമെയ് മറന്ന് സഹകരിക്കുമെന്ന് ഞാനിതിനാൽ പ്രതിജ്ഞ ചെയ്യുന്നു".

തുടർന്ന് ഉചതിമായ രീതിയിൽ ഓണാഘോഷം നടത്താവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം).
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറിവിഭാഗം)

} തങ്ങളുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമാദ്ധ്യാപകർക്കും അറിയിപ്പും വേണ്ട നിർദേശങ്ങളും നൽകേണ്ടതാണ്.

ആർ.കെ.